**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.6349** **08/11/2016-ലെ മറുപടിയ്ക്ക്**

# കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ**<br>**,, ഐ.ബി. സതീഷ്**<br>**ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. ബി.സത്യൻ** | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതിനകം എത്രത്തോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എത്രത്തോളം പ്രയോജനപ്പെടുന്നുവെന്ന് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല.<br>കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ എന്നീ സ്ഥാപനങ്ങൾ ദേശീയ / അന്തർദ്ദേശീയ പ്രാധാന്യമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങളുടെ സേവനവും സാങ്കേതിക സഹകരണവും കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാകും വിധം ഈ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. |
| (ബി) | രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനവും സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണവും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ? | | |

**സെക്ഷൻ ഓഫീസർ**